# എൻ.സി.സി ഡയറക്ടറേറ്റ്

നം. 10303/എ2-എസ്റ്റാ/LPE/2025/എൻ.സി.സി

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

തിയതി : 01 ഏപ്രിൽ 2025

## സർക്കുലർ

വിഷയം : എൻ.സി.സി വകുപ്പ് - താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനം - ഓഫീസ് നടപടിക്രമം സംബന്ധിച്ചുള്ള വകുപ്പുതല പരീക്ഷാ യോഗ്യത നിർബന്ധിതമാക്കി സർക്കാർ ഉത്തരവ് - സംബന്ധിച്ച്

സൂചന : 1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 16.03.2023 തീയതിയിലെ സ.ഉ (അച്ചടി) നം. 4/2023/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

2. എൻ.സി.സി ഡയറക്ടറേറ്റിന്റെ 02.06.2023 തീയതിയിലെ 7405/ എ2 എസ്റ്റാ/ LPE/2021/എൻ.സി.സി നമ്പർ സർക്കുലർ.

3. എൻ.സി.സി ഡയറക്ടറേറ്റിന്റെ 08.04.2024 തീയതിയിലെ 0114/എ2 എസ്റ്റാ/ LPE/2024/എൻ.സി.സി നടപടിക്രമം.

4. എൻ.സി.സി ഡയറക്ടറേറ്റിന്റെ 06.02.2025 തീയതിയിലെ 0114/എ2 എസ്റ്റാ/ LPE/2024/എൻ.സി.സി നമ്പർ കത്ത്.

5. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 08.03.2025 തീയതിയിലെ റൂൾസ്-2/32/2025-/ഉ.ഭ.പ.വ നമ്പർ സർക്കാർ കത്ത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

1. ഈ വകുപ്പിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിന്റെ 10% തസ്തികകളിൽ യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നിഷ്കർഷിച്ചിട്ടുണ്ട്. സൂചന (1) പ്രകാരം ഈ വകുപ്പിലെ ജീവനക്കാർക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി Manual of Office Procedure (MOP) പരീക്ഷാ യോഗ്യത നേടിയിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു. നിലവിൽ താഴ്ന്ന വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിനുള്ള ടെസ്റ്റ് യോഗ്യത നേടുന്നതിന് സൂചന (1) ഉത്തരവ് തിയതി മുതൽ രണ്ടു വർഷത്തെ ഇളവ് അനുവദിക്കുകയുണ്ടായി. പ്രസ്തുത സമയ പരിധിക്കുള്ളിൽ തസ്തികമാറ്റ നിയമനത്തിന് മറ്റു തരത്തിൽ യോഗ്യരായവർക്ക്, മേൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ യോഗ്യത ആർജിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി താത്ക്കാലിക തസ്തികമാറ്റ നിയമനം അനുവദിക്കേണ്ടതും, നിർദിഷ്ട സമയപരിധിക്കുള്ളിൽ ടി യോഗ്യത നേടാത്തവരെ മുൻ തസ്തികകയിലേക്ക് റിവർട്ട് ചെയ്യുന്നതുമാണ് എന്നും ആ ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. ടി ഉത്തരവ് സൂചന (2) പ്രകാരം ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും, യൂണിറ്റുകൾക്കും അയച്ചുകൊടുത്തിട്ടുള്ളതാകുന്നു.

2. തുടർന്ന് ഈ കാര്യാലയത്തിന്റെ സൂചന (4) കത്ത് പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിനെ സമീപിക്കുകയും, ഈ വകുപ്പിന്റെ ജീവനക്കാരെ വിമുക്തഭടന്മാർ എന്നുള്ള പരിഗണനയിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10% ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ അപ്പോയ്മെന്റ് ലഭിക്കുന്നതിന് വകുപ്പുതല പരീക്ഷാ യോഗ്യതയായ Manual of Office Procedure (MOP) ഒഴിവാക്കി നൽകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ഒരു വകുപ്പിനെ മാത്രമായി ഒഴിവാക്കാൻ സാധിക്കില്ല എന്ന കാരണത്താൽ സർക്കാർ ഈ വകുപ്പിന്റെ അഭ്യർത്ഥന സൂചന (5) പ്രകാരം നിരസിക്കുകയുണ്ടായി.

3. ആയതിനാൽ, ഈ ഡയറക്ടറേറ്റിന്റെ സൂചന (3) നടപടിക്രമ പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന 10% ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരും, പുതുതായി അപേക്ഷ സമർപ്പിച്ച ജീവനക്കാരും വകുപ്പുതല പരീക്ഷാ യോഗ്യതയായ Manual of Office Procedure പാസ്സാകേണ്ടതാണ്. നിർബന്ധിതയോഗ്യതയായി വ്യവസ്ഥ ചെയ്യുന്ന സ്പെഷ്യൽ/ വകുപ്പുതല പരീക്ഷകൾക്ക് KS & SSR Part I Rule 13 B പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാനാകില്ല അല്ലാത്തപക്ഷം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാരെ തസ്തികമാറ്റം മുഖേന 10% ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കുന്നതല്ല.

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

(വിനീഷ് കെ.എസ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡിഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : മേൽ സൂചിപ്പിച്ച പോലെ

പകർപ്പ് :-

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും, യൂണിറ്റുകൾക്കും
(ഓഫീസ് വെബ് സൈറ്റ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനം—ഓഫീസ് നടപടിക്രമം സംബന്ധിച്ചുള്ള വകുപ്പുതല പരീക്ഷാ യോഗ്യത നിർബന്ധിതമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.4/2023/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 16-03-2023

പരാമർശം:— 1. സ.ഉ. (പി) നം. 22/63/പി.ഡി. തീയതി: 14/1/1963.
2. സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ. തീയതി: 3/1/2014.
3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 18/11/2022-ലെ A5-1/26/2019-KPSC നമ്പർ കത്ത്.

**ഉത്തരവ്**

ക്ലർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് റവന്യൂ വകുപ്പിലെ ക്ലർക്കുമാർ District Office Manual പാസ്സാകണമെന്നും പോലീസ് വകുപ്പിലെ ക്ലർക്കുമാർ Part II of Police test പാസ്സാകണമെന്നും മറ്റു വകുപ്പുകളിലെ ക്ലർക്കുമാർ Manual of Office Procedure പാസ്സാകണമെന്നും പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിന്റെ 10% തസ്തികകളിൽ യോഗ്യതയുടേയും സീനിയോറ്റിയുടേയും അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകാമെന്ന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തസ്തികമാറ്റ നിയമനത്തിന് ടി ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കുപുറമെ ഏതെങ്കിലും വകുപ്പുതല പരീക്ഷാ യോഗ്യത കൂടി നിഷ്കർഷിക്കണമെന്നുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണെന്ന് പി.എസ്.സി. പരാമർശം 3-ാമതായി വായിച്ച കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2) മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ബാധകമായിട്ടുള്ള വകുപ്പുകളിൽ പ്രസ്തുത നിയമനം അനുവദിക്കുന്നതിന് ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകളോടൊപ്പം, പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർ Part II of Police test യോഗ്യതയും, മറ്റു വകുപ്പുകളിലെ ജീവനക്കാർ Manual of Office Procedure (MOP) യോഗ്യതയും നേടിയിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) നിലവിൽ താഴ്ന്ന വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിനുള്ള ടെസ്റ്റ് യോഗ്യത നേടുന്നതിന് ഈ ഉത്തരവ് തീയതി മുതൽ രണ്ടു വർഷത്തെ ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമയ പരിധിക്കുള്ളിൽ തസ്തികമാറ്റ

നിയമനത്തിന് മറ്റ തരത്തിൽ യോഗ്യരായവർക്ക് മേൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ യോഗ്യത ആർജിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി താത്ക്കാലിക തസ്തികമാറ്റ നിയമനം അനുവദിക്കേണ്ടതും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടി യോഗ്യത നേടാത്തവരെ മുൻ തസ്തികയിലേക്ക് റിവർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനാറാണി ജി.എസ്സ്.**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

0114/A2-Estt/2024/NCC

56
26/3/25

(23)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

നമ്പർ.റൂൾസ്-2/32/2025-ഉ.ഭ.പ.വ.

06-03-2025,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി.,
എൻ.സി.സി. ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും),
സംസ്ഥാന വിഭാഗം,
തിരുവനന്തപുരം.

സർ,

വിഷയം:- ഉ.ഭ.പ.വ.- താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനം - ഓഫീസ് നടപടിക്രമം സംബന്ധിച്ചുള്ള വകുപ്പുതല പരീക്ഷാ യോഗ്യത നിർബന്ധിതമാക്കി പുറപ്പെടുവിച്ച ഉത്തരവ് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 06/02/2025 തീയതിയിലെ 0114/എ2-എസ്റ്റാ/LPE/2024/എൻ.സി.സി. നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 13B പ്രകാരം സ്പെഷ്യൽ /വകുപ്പുതല പരീക്ഷകളിൽ നിന്നുമുള്ള സ്ഥിരമായ ഇളവ്, സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവുകളിൽ നിർബന്ധിതയോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പരീക്ഷായോഗ്യതകൾക്കാണ് അനുവദിയ്ക്കാനാകുന്നത്. 06-03-2023-ലെ സ.ഉ.(അച്ചടി) നം.4/2023/ഉഭപവ പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിന് അവർ പോലീസ് വകുപ്പിലാണെങ്കിൽ Part II Police test ഉം മറ്റ് വകുപ്പുകളിലാണെങ്കിൽ MOPയും പാസ്സാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രസ്തുത തസ്തികമാറ്റത്തിന് ടി പരീക്ഷായോഗ്യത നിർബന്ധമായും വേണമെന്ന ഉദ്ദേശ്യത്തിലാണ്. നിർബന്ധിതയോഗ്യതയായി വ്യവസ്ഥ ചെയ്യുന്ന സ്പെഷ്യൽ/വകുപ്പുതല പരീക്ഷകൾക്ക് കെ.എസ്&എസ്.എസ്.ആർ ഭാഗം I I ചട്ടം 1 3 B പ്രകാരമുള്ള ആനുകൂല്യം അനുവദിയ്ക്കാനാകില്ലായെന്നതിനാൽ മേൽ ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന പരീക്ഷാ യോഗ്യതകൾക്ക് ചട്ടം 13B പ്രകാരമുള്ള ഇളവ് അനുവദിക്കാനാകില്ല. കൂടാതെ, 06-03-2023-ലെ സ.ഉ.(അച്ചടി) നം.4/2023/ഉഭപവ ഉത്തരവ് ബാധകമാക്കുന്നതിൽ നിന്നും ഒരു വകുപ്പിനെ മാത്രമായി ഒഴിവാക്കാനാകില്ല. അതിനാൽ താങ്കളുടെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
SATHEEJA KUMARI V R
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Dileep.D

സെക്ഷൻ ഓഫീസർ.